## പതിനാലാം കേരള നിയമസഭ

**ബുള്ളറ്റിൻ ഭാഗം – 2**

**2020 നവംബർ 04**

**നമ്പർ : 896**

**എൻഫോഴ്സ്മെന്റ് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. പി. രാധാകൃഷ്ണനെതിരെ ശ്രീ. ജെയിംസ് മാത്യു എം.എൽ.എ നൽകിയ അവകാശലംഘന നോട്ടീസ് പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് റഫർ ചെയ്തത് സംബന്ധിച്ച്.**

സംസ്ഥാനത്ത് ഭൂമിയുള്ളതും ഇല്ലാത്തതുമായ ഭവനരഹിതർക്ക് അടച്ചുറപ്പുള്ള ഭവനം ഉറപ്പാക്കുന്നതിന് സർക്കാർ നിയമസഭയിൽ നൽകിയ വാഗ്ദാനം നിറവേറ്റുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുന്ന, വടക്കാഞ്ചേരിയിലെ 140 ഭവനങ്ങൾ നിർമ്മിക്കുന്ന ഒരു പ്രൊജക്റ്റിനെ സംബന്ധിച്ച് ഒരു പരാതി വന്നതിന്റെ അടിസ്ഥാനത്തിൽ അക്കാര്യം പരിശോധിക്കുന്നതിന് പകരം ആകെ ലൈഫ് പദ്ധതിയുടെ രേഖകൾ ആവശ്യപ്പെട്ട് പദ്ധതിയുടെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്ന തരത്തിൽ എൻഫോഴ്സ്മെന്റ് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. പി. രാധാകൃഷ്ണൻ നടത്തുന്ന നീക്കങ്ങൾ സഭയോടുള്ള അവഹേളനമാണെന്നും ഇത്തരം ഒരു സമീപനം സ്വീകരിക്കുന്നത് സഭയുടെ അവകാശാധികാരങ്ങളിന്മേലുള്ള കടന്നുകയറ്റമാണെന്നും ആരോപിച്ച് ശ്രീ. ജെയിംസ് മാത്യു എം.എൽ.എ നൽകിയ നോട്ടീസ് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 159 അനുസരിച്ച് അന്വേഷണത്തിനും റിപ്പോർട്ടിനുമായി ബഹു.സ്പീക്കർ പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് 04.11.2020–ന് റഫർ ചെയ്തിരിക്കുന്നു.

എസ്.വി ഉണ്ണികൃഷ്ണൻ നായർ
സെക്രട്ടറി.